**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4327** **09-08-2021 - ൽ മറുപടിയ്ക്ക്**

**പള്ളിക്കമണ്ണടി പാലത്തിനായുള്ള സ്ഥലമേറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ ഇത്തിക്കരയാറിന് കുറുകെ ആദിച്ചനല്ലൂർ, ചാത്തന്നൂർ എന്നീ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ട പള്ളിക്കമണ്ണടി പാലം നിർമ്മിക്കുന്നതിനായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ റവന്യൂ വകുപ്പിലെ ലാൻഡ് അക്വിസിഷൻ വിഭാഗം ഇതിനകം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | പള്ളിക്കമണ്ണടി പാലം നിർമ്മിക്കുന്നതിനായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് പ്രകാരം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | സ്ഥലമേറ്റെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (ബി) | PWD Roads, സബ് ഡിവിഷൻ, കൊല്ലം അർത്ഥനാധികാരിയായിട്ടുള്ള ഈ പദ്ധതിയ്ക്ക് വേണ്ടി കൊല്ലം ജില്ലയിലെ മീനാട്, ആദിച്ചനല്ലൂർ എന്നീ വില്ലേജുകളിൽ നിന്നായി 55.32 ആർസ് സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. LARR Act, 2013 പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് 4(1) വിജ്ഞാപനം 16/07/2021-ലെ 2107-ാംനമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. സർവ്വെ നടപടികൾ ആരംഭിച്ചിട്ടുള്ളതും സാമൂഹ്യ പ്രത്യാഘാത പഠനം നടന്നുവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ